(സി) കേഡറിലെ സീനിയർ തസ്തികകളുടെയും മറ്റും ചില റിസർവു തസ്തികകളുടെയും 33⅓ ശതമാനം.

(ഡി) ഡി.വൈ.എസ്.പി. തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത തുടർച്ചയായ സർവ്വീസും പ്രസ്തുത സർവ്വീസിൽ സ്ഥിരലാവണമുള്ളവരും 54 വയസ്സ് തികയാത്തവരുമായ ഉദ്യോഗസ്ഥർ അർഹരാണ്. സീനിയോറിറ്റി ക്രമത്തിൽ നിർദ്ദിഷ്ട പരിധിയ്ക്കകത്തു വരുന്ന ഉദ്യോഗസ്ഥരെ പരിഗണിക്കുന്നു.

(ഇ) 1995-ലെ ഐ.പി.എസ്. (അപ്പോയിൻമെന്റ് ബൈ പ്രമോഷൻ) റെഗുലേഷൻസ് പ്രകാരമാണ് പ്രമോഷൻ വഴി ഇൻഡ്യൻ പോലീസ് സർവീസിലേക്ക് നിയമനം നൽകുന്നത്. ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

വനിതാപോലീസുകാരെ നിയമിക്കാൻ നടപടി

20 (20) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിലേക്ക് എത്ര വനിതാ പോലീസുകാരെ നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസമെടുക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പോലീസ് സേനയുടെ 10 ശതമാനം വനിതാ പോലീസുകാരെ നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതനുസരിച്ച് നിലവിലുള്ള വനിതാ പോലീസുകാർക്ക് പുറമേ 3500 പേരെക്കൂടി പുതുതായി നിയമിക്കേണ്ടതുണ്ട്. 902 പേരെ അടിയന്തിരമായി നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) വനിതാ പോലീസുകാരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുതിയ തസ്തികകൾ

21 (21) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു ;

(ബി) ഇവയിൽ ഗസറ്റഡ് പോസ്റ്റുകൾ എത്ര ; നോൺ ഗസറ്റഡ് പോസ്റ്റുകൾ എത്ര ;

(സി) വിദ്യാഭ്യാസവകുപ്പിലേക്ക് മാത്രമായി സൃഷ്ടിക്കപ്പെട്ട പോസ്റ്റുകളെത്ര ;

† അനുബന്ധം - XI

LIBRARY ARCHIVES Kerala Legislative Assembly